അതിന്റെ ചുമതല വഹിക്കുകയുണ്ടായി. അതിന്റെ റിപ്പോർട്ട് ഗവൺമെൻറിന്റെ പരിശോധനയിലാണ്. ആ ക്യാമ്പിനെക്കുറിച്ച് ഇപ്പോഴാണ് അബുസാഹിബ് ചില പരാതികൾ ചൂണ്ടിക്കാണിച്ചത്. നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിൽ അപ്പോൾത്തന്നെ പരിഹാര മുണ്ടാക്കാൻ കഴിയുമായിരുന്നു. ഏതായാലും ആ ക്യാമ്പ് സാമാന്യം തൃപ്തികരമായി നടന്നു എന്നാണ് ഗവൺമെൻറിന് കിട്ടിയ വിവരം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി കൂടുതലായിട്ട് സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ഗവൺമെൻറ് സ്വീകരിക്കുന്നതാണ് എന്ന് പ്രത്യേകം പറയുന്നു.

ശ്രീ. കെ. കെ. അബു: സ്റ്റാഫ് പറയുന്നത് അവർ കാണേണ്ടവരെയെല്ലാംകണ്ടു, എല്ലാ ക്ലബ്ബുകൾക്കും 25,000 രൂപ വീതം കൊടുത്തു എന്നാണ്. അങ്ങനെയൊക്കെ പറഞ്ഞാലും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഞാൻ സംതൃപ്തനാണ്; ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിയതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കോഴിക്കോട് ജില്ലയിലെ ഒന്നു രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഈ സഭയിൽത്തന്നെ രണ്ടുമൂന്നു തവണ സബ്മിഷൻ ആയിട്ടും കാളിംഗ് അറ്റൻഷനായിട്ടും ഉന്നയിച്ചതാണ്. സഭയുടെ അവസാന ദിവസമായ ഇന്ന് അതേ വിഷയം തന്നെ ബഹുമാനപ്പെട്ട ഗവൺമെൻറിന്റെയും സഭയുടേയും മുമ്പിൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെ വീണ്ടും ഞാൻ അവതരിപ്പിക്കുകയാണ്. ഓർഡിനൻസുകൾ ഇറക്കാൻവേണ്ടി നിങ്ങളുടെ ക്യാബിനറ്റ് രാത്രിയും പകലുമൊക്കെ ഇരിക്കുന്നുണ്ടല്ലോ. പത്തഞ്ഞൂറോളം കുടുംബങ്ങൾ രണ്ടു മൂന്നു കൊല്ലങ്ങളായി മുഴുപ്പട്ടിണിയിൽ കിടക്കുകയാണ്. അങ്ങനെ പട്ടിണിയിൽകിടക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഇന്ന് രാത്രിയോ, നാളെ രാത്രിയോ, നാളെ പകലോ അരമണിക്കൂർ നേരമിരുന്ന് ചർച്ച ചെയ്യാനുള്ള സൻമനസ്സുണ്ടാകാൻ എന്റെ കാളിംഗ് അറ്റൻഷനിൽക്കൂടി സാധിക്കുമെങ്കിൽ ഈ സഭയിൽ വന്നതുകൊണ്ട് പ്രയോജനമുണ്ട്, സഭയിൽ ഇരിക്കുന്നതുകൊണ്ട് പ്രയോജനമുണ്ട് എന്ന വിശ്വാസത്തിലാണ് ഞാൻ ഇവിടെ ഇത് അവതരിപ്പിക്കുന്നത്. കോഴിക്കോട് ജില്ലയിൽ പൂട്ടിക്കിടക്കുന്ന പ്രധാനപ്പെട്ട രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ് കുന്നത്തറ ടെക്സ്റ്റയിൽസും കേരളാ സോപ്പ്സ് ആൻറ് ഓയിൽസും. ബിട്ടീഷുകാർ ആരംഭിച്ചതാണ് കേരള സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട്.

1963-ൽ കേരള സോപ്പ്സ് ആൻറ് ഓയിൽസ് കമ്പനിയാക്കി മാറ്റി. 1982-83-ൽ 9 കോടി 3 ലക്ഷം രൂപയുടെ സോപ്പ് ഉല്പാദനം ഉണ്ടായിരുന്നു. ഐ.എൻ.റ്റി.യു.സി., യു.റ്റി.യു.സി., ജെ.എസ്.യു.സി., സി.ഐ.റ്റി.യു. തുടങ്ങിയ സംഘടനകളുടെ തൊഴിലാളികൾ 92-ൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടുകൾ പരിശോധിച്ചാൽ, അസംസ്കൃത പദാർത്ഥത്തിനും, വേതനത്തിനുമെല്ലാം കൊടുത്ത സംഖ്യ തട്ടിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നോക്കുമ്പോൾ, ഗവൺമെൻറ് പലിശയും മറ്റ് കാര്യങ്ങളുമടച്ചാൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന ഒരു സ്ഥാപനമാണിത് എന്നു കാണാം. 1991-ൽ ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ, ഏഴു കോടി അഞ്ചു ലക്ഷം രൂപയുടെ സോപ്പ് ഇവിടെ ഉല്പാദിപ്പിച്ചിട്ടുണ്ട്. വാഷിംഗ് സോപ്പിനെ സംബന്ധിച്ചിടത്തോളം ഡിറ്റർജൻറ് സോപ്പു നിർമ്മാണത്തിലും അതുപോലെ മറ്റനേകം ഉല്പന്നങ്ങളിലും ഇൻഡ്യയിലെ കുത്തക കമ്പനികൾ വളരെ മുൻപന്തിയിലാണ് എന്നു കാണാം. ജോൺസൻ ആൻറ് ജോൺസൻ പോലുള്ള ഇൻഡ്യയിലെ ലോക പ്രസിദ്ധമായ സോപ്പുകളുടെ ഉല്പാദനം നടക്കുന്നത് കോഴിക്കോട് ആണ്. അതിൻറെ പാക്കിംഗും, ബ്രാൻറ് നെയിം പ്രിൻറിംഗും ഒക്കെ ബോംബെയിലും, ലോകം മുഴുവനും ആയിരിക്കാം നടക്കുന്നത്. എന്നാൽ കോഴിക്കോട് നിന്ന് ഉല്പാദിപ്പിക്കുന്ന സോപ്പാണ് മാർക്കറ്റിൽ വരുന്നത്. പ്രധാനപ്പെട്ട സോപ്പായിരുന്നു കേരള സോപ്പ്സിൻറെ റോയിലറ്റ് സോപ്പ്. ബ്രിട്ടീഷ് രാജകുടുംബവും, ഇൻഡ്യയിലെ ഭരണ കർത്താക്കളും, അവർക്ക് റോയിലറ്റ് സോപ്പ് വേണമെങ്കിൽ ആശ്രയിച്ചിരുന്നത് കേരള സോപ്പ്സിനെയാണ്. അത്തരത്തിലുള്ള സോപ്പു വ്യവസായം തകർക്കുക എന്നു പറയുന്നത്, അവിടത്തെ തൊഴിലാളികളുടെ ജീവിതം മാത്രമല്ല, കുടുംബങ്ങളെയുമാണ് തകർക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് സ്ഥായിയായി, ഒരു പക്ഷേ ലോകത്തിൻറെ മുമ്പിൽ കാണിച്ചുകൊടുക്കാൻ കഴിയുമായിരുന്ന മാതൃകാ വ്യവസായ സ്ഥാപനത്തെയാണ് തകർക്കുന്നത്. ഞാൻ ഒരു കുറ്റം ആരോപിക്കുന്നു. സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട ചർച്ചകളുടെ അടിസ്ഥാനത്തിലാണ് കേരള സോപ്പ്സ് 1991-ൽ 7 കോടി 5 ലക്ഷം രൂപ വിലയ്ക്കുള്ള സോപ്പ് ഉല്പാദിപ്പിച്ചത്. 2 വർഷം കൊണ്ട് ക്രമേണ ഉല്പാദനം കുറഞ്ഞു വന്നു. കഴിഞ്ഞ രണ്ടു രണ്ടരക്കൊല്ലമായി ഈ കമ്പനി പൂർണ്ണമായി നിശ്ചലാവസ്ഥയിലാണ്. വർക്കിംഗ് ക്യാപ്പിറ്റലിൻറെ ദൗർലഭ്യം, അഭാവം, പോരായ്മ എന്നിവ ഈ വ്യവസായത്തിന് വലിയ തടസ്സമായിരുന്നു. എന്നാൽ ധനകാര്യ സ്ഥാപനങ്ങളും സ്വകാര്യവൽക്കരണത്തിനു പോകുന്ന, അടച്ചുപൂട്ടുന്ന, ഗവൺമെൻറ് കൈമാറുന്ന ഒരു സ്ഥാപനത്തിന് പണം കൊടുക്കുമോ? അത്തരത്തിലുള്ള ചർച്ചകൾ വന്നതിൻറെ ഫലമായി ഗവൺമെൻറ് നയവ്യതിയാനം നടത്തുന്നു എന്ന സൂചനയുടെ ഫലമായി, സാമ്പത്തികമായി ആശ്രയിക്കേണ്ട സ്ഥാപനങ്ങളെ ആശ്രയിക്കാൻ കഴിയാതെപോയി. സോപ്പു വ്യവസായവും പോയി. ബഹു മാനപ്പെട്ട വ്യവസായ മന്ത്രി തൊഴിലാളികളെ വിളിപ്പിച്ചു. ശ്രീ. നായനാരും, ഞാനുമെല്ലാം പങ്കെടുത്തുകൊണ്ട് ഗസ്റ്റ് ഹൗസിൽ വച്ച് ചർച്ചകൾ നടന്നു, കോഴിക്കോട്ടു വച്ചും ചർച്ച നടന്നു. നമ്മുടെ മാധ്യമങ്ങൾ, അവരുടെ 4 കോളം, 5 കോളം ഹെഡ്ഡിംഗിലൂടെ ഓപ്പൺ ന്യൂസ് കൊടുത്തു. കുന്നത്തറ ടെക്സ്റൈൽസ് തുറക്കും, കേരളാ സോപ്പ്സ് തുറക്കും മന്ത്രി. ആ ന്യൂസ് അന്ന് വായിച്ചവരുടെ മനസ്സിൽ ഇപ്പോൾ ഈ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുകയാണ് എന്ന ധാരണയാണ്. ഈ രണ്ടു കൊല്ലം കൊണ്ട് അനങ്ങാപ്പാറ നയമാണ് ഗവൺമെൻറിനു; അവ തുറക്കുന്നതിന് ഒരു നടപടിയും ഉണ്ടായില്ല. അതുകൊണ്ട്, ഞാൻ ചോദിക്കുകയാണ്, കേരള സോപ്പ്സ് തുറന്നു പ്രവർത്തിപ്പിക്കാൻ നിങ്ങൾക്കു കഴിയുമോ? കൊലക്കയറിൻറെ മുന്നിൽ നിൽക്കുന്ന പ്രതിയോട് ഒരു ചോദ്യം ഉണ്ട്— നിങ്ങൾക്ക് എന്തെങ്കിലും ആഗ്രഹം സാധിക്കാനുണ്ടോ എന്ന്. അതുപോലെ ഗവൺമെൻറിനു മുൻപിൽ ഞാനൊരാഗ്രഹം വയ്ക്കുന്നു—ഈ 24 മണിക്കൂറിനകം കേരളാ സോപ്പ്സ് തുറക്കാനുള്ള എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം നിങ്ങൾ എടുക്കുമോ? അവിടത്തെ 600 കുടുംബങ്ങളെ പട്ടിണിയിലാഴ്ത്തുമ്പോൾ അവരിൽ ചിലർ ആത്മഹത്യ ചെയ്തു. ആ തൊഴിലാളികളുടെ വികാരം എനിക്ക് മനസ്സിലാകും; ഗവൺമെന്റിന് മനസ്സിലാകില്ല. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥിതി എന്താണ്? ഒരു വ്യവസായം പോലും ഇല്ലാത്ത താലൂക്കായിരുന്നു കൊയിലാണ്ടി താലൂക്ക്. ഒരു സ്കൂളിലെ പ്യൂണിന്റെ പോസ്റ്റിന് നാലഞ്ചു ചെറുപ്പക്കാർ തമ്മിൽ മൽസരമായി. അതിൽ ഒരു മിടുക്കൻ പറഞ്ഞു നമ്മളോരോരുത്തരും കൊടുക്കുന്ന 50,000 രൂപ വീതം ഉള്ള രണ്ടര ലക്ഷം ഉണ്ടെങ്കിൽ ഒരു വ്യവസായം ഉണ്ടാകുമെന്ന്. 1973-ൽ ഞാൻ ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യായിരുന്നു. കാശുകൊടുക്കാൻ തയ്യാറുള്ള ആ ചെറുപ്പക്കാർ ഞങ്ങളുടെ പാർട്ടിക്കാർ ആയിരുന്നു. ഇപ്പോൾ ഭൂരിപക്ഷം ചെറുപ്പക്കാരും ശ്രീമാൻ ആൻറണിയുടെ അനുയായികളാണ്. 600 ചെറുപ്പക്കാരായ തൊഴിലാളികൾ 5000 രൂപ വീതം കാനറാ ബാങ്കിൽ നിന്ന് ലോൺ എടുത്തു. അവർ സ്വരൂപിച്ചിട്ടുള്ള കുന്നത്തറ ഇൻഡസ്ട്രിയൽ കമ്പനിയും, കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷനും 1978-ൽ സംയുക്തമായി ആരംഭിച്ചതാണ് കുന്നത്തറ ടെക്സ്റ്റൈൽസ്. മൂലധനത്തിന്റെ പേരായ്മകൊണ്ട് അതിന് തടസ്സം ഉണ്ടായി. 1986 ജനുവരി 10-ന് ആ കമ്പനി പൂട്ടി. 1986-ൽ ഈ നിയമസഭയിൽ ഞങ്ങൾ ഈ കാര്യം ഉന്നയിച്ചു. പക്ഷെ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. 1987-ൽ ഇടതുപക്ഷമുന്നണി ഗവൺമെന്റു വന്നു. ആ കാലത്ത് കേരളാ സോപ്പ്സിനെ പ്രവർത്തിപ്പിച്ചതുപോലെ തന്നെ കുന്നത്തറ ടെക്സ്റ്റൈൽസും പ്രവർത്തിപ്പിക്കാൻ ഉള്ള രാഷ്ട്രീയ തീരുമാനം ഉണ്ടായി. സാമ്പത്തിക സ്ഥിതി വച്ചുനോക്കിയാൽ പ്രശ്നങ്ങളുണ്ട്; കച്ചവടമനസ്സോടുകൂടി തൊഴിലാളികളേയും, സ്ഥാപനത്തേയും ഗവൺമെന്റിന് കാണാൻ ഒക്കില്ല എന്ന് അന്ന് ഇടതുപക്ഷ മുന്നണി ഗവൺമെന്റു തീരുമാനിച്ചു. മുഖ്യമന്ത്രിയും, വ്യവസായ മന്ത്രിയും താല്പര്യത്തോടെ തീരുമാനമെടുത്തു. സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി 600 ചെറുപ്പക്കാർ ചേർന്ന് 5000 രൂപ മുടക്കി ഉണ്ടാക്കിയ സ്ഥാപനമാണിത്, ഒരു വ്യവസായവും ഇല്ലാത്ത താലൂക്കാണ്. എന്തെല്ലാം നഷ്ടം വന്നാലും, ആ താലൂക്കിലെ വ്യവസായം നിലനിർത്തണം. അങ്ങനെ 1989-ൽ വീണ്ടും ആ വ്യവസായ സ്ഥാപനം തുറന്നു. എനിക്കതിൽ സന്തോഷമുണ്ട്, അഭിമാനമുണ്ട്. 350-400 രൂപയായിരുന്നു അതുവരെ ജോലിയുടെ അടിസ്ഥാനത്തിൽ കിട്ടിയിരുന്ന കൂലി. 1991-ൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് പോകുമ്പോൾ 350-400 രൂപ വേതനം കിട്ടിയതിനുപകരം 1400-1500 രൂപ വേതനം കിട്ടുന്ന സ്ഥിതിവന്നു. മുഴുവൻ ഷെയർ ഹോൾഡേഴ്സിനും ജോലി കൊടുത്തു. പിന്നീട് ഗവൺമെന്റു മാറിയപ്പോൾ, ഈ ഗവൺമെന്റിന്റെ സ്വഭാവം അറിയുന്നതുകൊണ്ടാവണം, ധനകാര്യ സ്ഥാപനങ്ങളോ, ഉദ്യോഗസ്ഥൻമാരോ,..... എനിക്കറിയില്ല. രണ്ടു ചർച്ചയ്ക്കു ഞാനും പങ്കെടുത്തു. ആ ചർച്ചയിൽ നിന്നും മറ്റൊടി ഉണ്ടായില്ല. രണ്ടു കൊല്ലമായി അതിന്റെയും സ്ഥിതി ഞാൻ നേരത്തെ പറഞ്ഞ കേരളാ സോപ്പ്സിന്റെ സ്ഥിതി തന്നെ. തൊഴിലാളികൾക്കു ജോലിയില്ല. അവിടെ ഇപ്പോൾ എന്തൊക്കെയോ നടക്കുന്നുണ്ട്. പിന്നോക്ക പ്രദേശത്തെ ഇത്രയും അധ്വാനിച്ചുണ്ടാക്കിയ ഈ വ്യവസായ സ്ഥാപനം ഇങ്ങനെ തകർന്നു തകർന്ന് ലോണിന് പലിശയും, പലിശയ്ക്കു പലിശയുമൊക്കെ കൂടിവരുന്നു. ഇതിന്റെ സ്ഥിതി നാളെ എന്താകുമെന്നറിഞ്ഞുകൂടാ. ആ തൊഴിലാളികളുടെ കൂട്ടത്തിൽ കാനറാബാങ്കിൽ നിന്ന് 5000 രൂപ കടമെടുത്തവരുണ്ട്. 10-60 പേർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നോട്ടീസ് വന്നത് ഞാൻ കണ്ടു. 16,000, 10,000 രൂപ പലിശയ്ക്കു പലിശയുമായി ജപ്തി നടപടി വന്നിരിക്കുന്നു. ഒരു വ്യവസായം തുടങ്ങാൻ ചെറുപ്പക്കാർ മുതൽമുടക്കിയതിന്റെ ഫലമായി അവർ ജപ്തിയ്ക്ക് അടിമപ്പെട്ടു. അവരുടെ സമ്പത്തും പോയി, കുടിലും പോയി, വീടും പോയി, സർവ്വസ്വവും പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾ ചെയ്ത ഒരു അഭ്യർത്ഥനയുണ്ടായിരുന്നു, രണ്ടു മാസം മുമ്പ്. നിങ്ങൾ ഒരു കോൺഫറൻസ് വിളിക്കണം. ബന്ധപ്പെട്ട മന്ത്രിമാരേയും, തൊഴിലാളി യൂണിയനുകളേയും നിങ്ങൾ തന്നെ വിളിയ്ക്കണം. മുഖ്യമന്ത്രിയെ ഞാനു ചെന്നുകണ്ടതാണ്. ഒരഭ്യർത്ഥനയേ വച്ചുള്ളൂ. നിങ്ങളിത് ഏറ്റെടുക്കണമെന്നും, തുടങ്ങണമെന്നൊന്നും പറഞ്ഞില്ല. ഒരു 10 മിനിറ്റു സമയം ഇതു സംബന്ധിച്ച യോഗം വിളിക്കാൻ കണ്ടെത്തണം. ചായ കുടിയ്ക്കാൻ പോകുന്ന സമയമുണ്ടല്ലോ, ആ സമയം തൊഴിലാളിക്കുവേണ്ടി ചെലവഴിയ്ക്കണം. ഈ നിമിഷം വരെ മുഖ്യമന്ത്രിക്ക് 10 മിനിറ്റു നേരം കുന്നത്തൂർ ടെക്സ്റൈൽസിലെ തൊഴിലാളികൾക്കുവേണ്ടി നീക്കിവയ്ക്കാൻ ഉണ്ടായില്ല. റവ. എ. പൈയുടേയും, എ. സി. ജോർജ്ജിന്റെയും, കേന്ദ്ര മന്ത്രിമാരുടേയും ഭാഷയിൽ പറഞ്ഞാൽ, ഇൻഡ്യയ്ക്കു മാതൃകാപരം എന്നു പറയുന്ന ആ സ്ഥാപനത്തിലെ 600 ചെറുപ്പക്കാർ തൊഴിൽ കണ്ടെത്താൻ നടത്തിയ ശ്രമം, അവരുടെ വിലാപം, അവരുടെ ദുഃഖം ഒന്നു കേൾക്കാൻ 5 മിനിറ്റു നേരം ഇരിക്കണമെന്നു ഒരു ജനപ്രതിനിധി എന്ന നിലയിൽ ഞാൻ മുഖ്യമന്ത്രിയോട് നേരിട്ട് പോയി പറഞ്ഞിട്ട് 60 ദിവസം ആകുന്നു. 5 മിനിറ്റിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ല. രണ്ട് വ്യവസായ സ്ഥാപനങ്ങളിലും കൂടി 1500 തൊഴിലാളികൾ ഉണ്ട്. കോഴിക്കോട് ജില്ലയിലെ കല്ലായി ലോകത്തിലെ ഏറ്റവും വലിയ മരവ്യവസായ കേന്ദ്രം ആയിരുന്നു. വന സംരക്ഷണവും, പ്രകൃതി സ്നേഹവും ഒക്കെ വന്നപ്പോൾ കല്ലായിയിലെ മരവ്യവസായം ഇല്ലാതായി. മണ്ണുപയോഗിച്ച് ഇഷ്ടികയും, ഓടും ഉണ്ടാക്കിയിരുന്നു. ഇപ്പോൾ മണ്ണിന് പൊന്നിന്റെ വില. ഇൻഡ്യയിൽ തീപ്പെട്ടി ഉണ്ടാക്കുന്നതിനുള്ള അസംസ്കൃത സാധനങ്ങൾ കൊടുത്തിരുന്നത് കോഴിക്കോട്ടു നിന്നാണ്. ഇപ്പോൾ അതും ഇല്ലാതായി. കഴിഞ്ഞ കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് ഗ്വാളിയർ കമ്പനി പൂട്ടി. പക്ഷെ ഇടതുപക്ഷ മുന്നണിക്കാർ തുറന്നു; ഞങ്ങൾ ആക്ഷേപവും കേട്ടു. അത് നിലനിൽക്കുന്നതൊഴിച്ചാൽ ഇന്ന് കോഴിക്കോട് ശ്മശാനമൂകമാണ് വ്യവസായരംഗം. ജീവിതംകൂടി ഇന്ന് ശ്മശാനമൂകമാണ്. ഈ അവസാന നിമിഷത്തിൽ ഒരു നല്ലവാക്കെങ്കിലും പറയാനുള്ള മാനുഷിക പരിഗണനയെങ്കിലും നിങ്ങൾ കാണിക്കണം ഈ ജീവനക്കാരോട് തൊഴിൽ നഷ്ടപ്പെട്ടവരോട്. ഇതിൽ ഗവൺമെന്റിന്റെ നടപടി എന്താണെന്നറിയാൻ താല്പര്യമുണ്ട്. ഈ സ്ഥാപനങ്ങൾ എന്ന് തുറക്കും എന്നു പറയാൻ തന്നേടം കാണിക്കുമോ എന്ന് എനിയ്ക്കറിഞ്ഞു കൂടാ. ദുഃഖത്തോടുകൂടി ഇതു ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ മലപ്പുറത്തെ സ്ഥാനാർത്ഥിയാണ് ബഹുമാനപ്പെട്ട ശ്രീ. എ. സി. ഷൺമുഖദാസ്. അങ്ങ് എം. എൽ. എ. ആയതും പൊതുജീവിതത്തിൽ വന്നതുമൊക്കെ വെറുതെയായി എന്നു പറയിപ്പിക്കുന്നതിനോട് എനിക്ക് യോജിപ്പില്ല. എങ്കിലും, ഞാൻ ഒരു കാര്യം പറയട്ടെ. കുന്നത്തൂർ ടെക്സ്റൈൽസിനെക്കുറിച്ചും, കേരളാ സോപ്പ്സ് ആൻഡ് ഓയിൽസിനെക്കുറിച്ചും അങ്ങു പറഞ്ഞു. കുറച്ചു തൊഴിലില്ലാത്ത ചെറുപ്പക്കാർ

LIBRARY ARCHIVES Kerala Legislative Assembly

കൂടി തുടങ്ങിയ ഒരു സ്ഥാപനമാണ് കുന്നത്തറ ടെക്സ്റൈൽസ് എന്നു പറഞ്ഞു. അങ്ങയുടെ പ്രവർത്തനം ഇതിൽ അർത്ഥവത്താകണമായിരുന്നു വെങ്കിൽ, വളരെക്കാലമായി അങ്ങ് പ്രതിനിധാനം ചെയ്യുന്ന മണ്ഡല ത്തിലെ ആ സ്ഥാപനത്തെക്കുറിച്ചും, ആ ചെറുപ്പക്കാരുടെ പ്രശ്നത്തി ലുമൊക്കെ കുറച്ചുകൂടി ഡീപ്പ് ആയി അങ്ങ് പോകേണ്ടതായിരുന്നു. വളരെ വികാരാധീനനായി കാര്യങ്ങൾ അവതരിപ്പിക്കാൻ ആരെക്കൊണ്ടും കഴിയും. ഞാൻ അവകാശപ്പെടുന്നു ഈ തൊഴിലാളികളുടെ കാര്യത്തിൽ, ആ കുടുംബങ്ങളുടെ കാര്യത്തിൽ ഡീപ്പായിട്ടുപോയത് വിനീതനായ ഞാൻ മാത്രമാണ്. ഏകദേശം 1400 ലക്ഷം ഉദ്ദേശിക പല സ്ഥാപനങ്ങളിലേ ക്കായി കൊടുക്കാനുണ്ടായിരുന്നു. കോടതിയിൽ പോയി റിസീവറേറെ ടുത്ത് നാശമായി. ആ സ്ഥിതിയിലൊക്കെ ആകുന്നതുവരെ നോക്കി നിൽക്കണമായിരുന്നോ? കഴിഞ്ഞ കാലങ്ങളിൽ എന്തെങ്കിലും ചെയ്യാമായി രുന്നില്ലേ? ഇപ്പോൾ വന്ന് തൊഴിലാളികളുടെ ശമ്പളം മുടങ്ങി എന്നുമാത്രം പെരുപ്പിച്ചു പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ? കെ. എഫ്. സി.-ക്കും, കെ. എസ്. ഐ. ഡി.-ക്കും, ഐ. ഡി. ബി. ഐ.-ക്കും, ഐ. എഫ്. സി. എ.-ക്കും ഒക്കെ എത്രയാണ് കടം വന്നത്! ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു കോൺഫറൻസ് വിളിച്ചില്ല. ഇങ്ങനെ പറയാമോ? എത്ര കോൺഫറൻസ് വിളിച്ചു. അതിനു ശേഷം ഓരോ ധനകാര്യ സ്ഥാപനങ്ങൾക്കും വൺ ടൈം സെറ്റിൽമെന്റായി കൊടുക്കാനുള്ള പണം ഈ ഗവൺമെന്റ് നിശ്ചയിച്ചു. നിശ്ചയിച്ചതു മാത്രമല്ല, ആ പണം ഞങ്ങൾ ട്രഷറിയിൽ മാറ്റി വച്ചിരിക്കുകയുമാണ്.

പണമില്ലാത്ത ഗവൺമെന്റ്, ഒറ്റ പൈസ കാണാൻ കഴിയാത്ത ഗവൺ മെന്റ് സാമ്പത്തികമായി ബുദ്ധിമുട്ടുള്ള ഗവൺമെന്റ്. ഇതൊന്നും അങ്ങ് അറിയുന്നില്ലേ? അങ്ങ് ഇത് അറിയേണ്ടതല്ലേ? ആ പണം ട്രഷറിയിൽ മാറ്റിവച്ചിരിക്കുകയാണ്. ട്രഷറിയിൽ മാറ്റിവച്ച പണം ധനകാര്യ സ്ഥാപനങ്ങൾക്ക് ഡിസ്ബേഴ്സ് ചെയ്യാൻ വയ്യ. കാരണം ഐ. എഫ്. സി. ഐ. കോടതിയിൽ പോയി. ബോംബെ കോർട്ടിന്റെ ഓർഡർ, അതുപോലെ കേരളാ ഹൈക്കോടതിയുടെ സ്റേ, റിസീവർ, ഇങ്ങനെയുള്ള കോർട്ട് ഓർഡർകൊണ്ട് പ്രശ്നമായി നിലയ്ക്കയാണ് എന്നത് അങ്ങേക്ക് നല്ലപോലെ അറിയാമല്ലോ? ഈ ഒരൊറ്റ തീരുമാനം കൊണ്ടുമാത്രമേ കുന്നത്തറ ടെക്സ്റൈൽസിനെരക്ഷിക്കാൻ പറ്റുക യുള്ളൂ. പിന്നെ, അങ്ങ് പറയുന്ന പ്രതാപമൊക്കെയുണ്ടല്ലോ? അതൊക്കെ അതാതു കാലത്ത് എട്ടും പത്തും ലക്ഷം രൂപകൊണ്ട് ശമ്പളം കൊടുത്ത കാര്യമാണ്. അങ്ങനെ ചെയ്തതാണ് തെറ്റ്. ഞങ്ങൾ വന്ന് വ്യവസ്ഥാ പിതമായി ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയട്ടെ, അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ ആട്ടോകാസ്റിന് പന്ത്രണ്ടു കോടി രൂപയാണ് കൊടുത്തത്. അദ്ദേഹം ഇവിടെ കഴിഞ്ഞ ദിവസം പ്രസംഗിച്ചപ്പോൾ കാഷ്വലായിട്ട്, അത്രയും ചെയ്തത് നല്ലത് എന്നൊരു വാക്കു പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു. ഞാൻ ഇവിടെ വ്യവസ്ഥാപിത മായി 'റിയാബ്' എന്നൊരു റീസ്ട്രക്ച്ചറിംഗ് ബോഡി ഉണ്ടാക്കി. ഓരോ പൊതുമേഖലാ സ്ഥാപനവുമെടുത്ത് അതിന്റെ പ്രശ്നങ്ങൾ പഠിച്ച് ഇത്രയൊക്കെ കൊടുക്കുന്നുണ്ടെന്നു പറഞ്ഞു. ഇത്ര രൂപ കൊടുത്ത് നെഗോഷ്യേറ് ചെയ്താൽ അതു സെറ്റിൽ ചെയ്യാം എന്നു പറഞ്ഞതു മനസ്സിലാക്കി. അതൊക്കെ ഞങ്ങൾ കുന്നത്തറ ടെക്സ്റൽ സിന്റെ കാര്യത്തിൽ ചെയ്തിട്ടുണ്ട്. എനിക്ക് ആ തൊഴിലാളികളോട്, തൊഴിലില്ലാത്ത കുടുംബങ്ങളോട് ഒരു ശുഭ വാർത്ത അറിയിക്കുവാനുണ്ട്. ശാശ്വതമായി അവരുടെ ഭാവി ശോഭനമാണ്. ഈ സ്ഥാപനത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളമുള്ള കടബാദ്ധ്യത ഞങ്ങൾ വീട്ടും. ഈ ഒരൊറ്റ നിയമപ്രശ്നം മാത്രമേയുള്ളൂ. അങ്ങയുടെ എല്ലാ വികാരങ്ങളും ഉൾക്കൊണ്ടുകൊണ്ടു ഞാൻ പറയാം, ആദ്യമായി അങ്ങേക്ക് അഭിമാനിക്കാവുന്ന സ്ഥിതി വിനീതനായ ഞാൻ ഉണ്ടാക്കി തന്നിട്ടുണ്ട്, ഇതിൽ രാഷ്ട്രീയ മുതലെടുപ്പ് ആഗ്രഹിക്കുന്നെങ്കിൽ തിരഞ്ഞെടുപ്പിന് മുൻപു തന്നെ ധൃതിവച്ച് എന്തെങ്കിലുമൊന്ന് ചെയ്യണം. മുതലെടുപ്പ് ആഗ്രഹിക്കുന്നില്ല. ആ ഏർപ്പാട് ഞങ്ങൾ നടത്തിയിട്ടില്ല.

ഇനി കേരള സോപ്പ്സിന്റെ കാര്യം പറയാം. അതും അങ്ങനെതന്നെയാണ്. ബഹുമാനപ്പെട്ട ഇ. കെ. നായനാരെയും മറ്റും വിളിച്ച് ഞങ്ങൾ കോൺഫറൻസ് നടത്തി. ഈ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. അവസാനം എല്ലാ നെഗോഷ്യേഷനും നടത്തി എല്ലാ സ്ഥാപനങ്ങളുമായിട്ട് സെറ്റിൽ ചെയ്തു. 26 കോടി രൂപയാണ് കട ബാദ്ധ്യത. കേരള സോപ്പ്സിന്റെ പ്രതാപം അങ്ങ് പറഞ്ഞല്ലോ? കേരള സോപ്പ്സ് ബ്രാൻഡ് നന്നായിരുന്നു എന്നും മാർക്കറ്റിൽ അതിനു നല്ല വിലയുണ്ടായിരുന്നു എന്നതിലുമൊന്നും എനിക്ക് തർക്കമില്ല. പക്ഷെ ഒരു കാര്യം ആരും ശ്രദ്ധിച്ചിരുന്നില്ല. എല്ലാ കാലവും സാലറി പർപ്പസിനുള്ള പണം അതാതു കൊല്ലം ഇങ്ങനെ കൊടുത്തു പോവുകയായിരുന്നു; ഞാൻ സമ്മതിക്കുന്നു. പത്തു പതിനഞ്ചു കോടിരൂപ സാലറി പർപ്പസിനു മാത്രം കേരള സോപ്പ്സിനു കൊടുത്തിട്ടുണ്ട്. അതു ഇൻഡസ്ട്രിയൽ പോളിസിയിൽ കറക്ട് ചെയ്തു. അതു സ്വകാര്യ മേഖല എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. കറക്ട് ചെയ്തിട്ട് അതിന്റെ പ്രശ്നങ്ങൾ പരിഹരിക്കണം, ഇത്രയധികം കോടിരൂപയുടെ ബാദ്ധ്യതകൾ വരാൻ പാടില്ല; ആ നിലയിൽ എല്ലാ കാര്യവും ഞങ്ങൾ സെറ്റിൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ ഏപ്രിൽ മാസത്തോടുകൂടി കേരള സോപ്പ്സ് തുറക്കാൻ കഴിയും എന്നുള്ള സ്ഥിതിയിലാണ് ഞങ്ങൾ. അതുകൊണ്ട് ഒന്നുരണ്ടു ദിവസത്തിനുള്ളിൽ കേരള സോപ്പ്സിനുള്ള രണ്ടു രണ്ടരക്കോടി രൂപ, അതുപോലെ ആലപ്പുഴ കെ. എസ്. ഡി. പി. ഇങ്ങനെയൊക്കെയുള്ള സ്ഥാപനങ്ങൾക്ക് പണം കൊടുക്കാൻവേണ്ടി ക്യാബിനറ്റ് തീരുമാനിക്കുകയും അതു ഏതു ഫണ്ടിൽ നിന്നാണ് കൊടുക്കേണ്ടത് എന്നുള്ള നിലയ്ക്ക് ധനകാര്യ വകുപ്പ് നോക്കിക്കൊണ്ടിരിക്കുകയുമാണ്. അങ്ങ് പറഞ്ഞ സ്റ്റീൽ കോംപ്ലക്സ് തുറന്നു. ഇതൊക്കെ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പറയുന്നതുപോലെ അത്ര എളുപ്പമല്ല. പക്ഷെ ഇക്കാര്യത്തിലൊന്നും യാതൊരു ബുദ്ധിമുട്ടുമില്ല. ഞാൻ പറയുന്നു, കേരള സോപ്പ്സും കുന്നത്തറ ടെക്സ്റൈൽസും വീക്കനെസ് ശാശ്വതമായി പരിഹരിച്ച് അതിന്റെ പ്രശ്നപരിഹാരത്തിലേക്ക് വന്നിരിക്കുകയാണ്. അതിൽ രാഷ്ട്രീയ മുതലെടുപ്പൊന്നും ആവശ്യമില്ല. കാര്യങ്ങൾ നേരാംവണ്ണം നടക്കണ്ടേ? ഈ രണ്ടു സ്ഥാപനങ്ങളുടെയും പ്രശ്നം ശാശ്വതമായി പരിഹരിച്ച് ഈ ഗവൺമെന്റ് റീസ്ട്രക്ചർ ചെയ്തിട്ടുണ്ട്. അതു നല്ല നിലയിൽ താമസിയാതെ പ്രവർത്തിക്കുമെന്നു ഞാൻ പറയുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ബഹുമാനപ്പെട്ട മന്ത്രി ശാശ്വത പരിഹാരമെന്നും റീസ്ട്രക്ചർ എന്നും പറഞ്ഞ് ഒരു മായാവലയം ഉണ്ടാക്കിയിരിക്കുകയാണ്. ഇതു സംബന്ധിച്ച് തൊഴിലാളി യൂണിയനുകളുടെ മുമ്പാകെ നിർദ്ദേശങ്ങൾ വയ്ക്കാമെന്നും അവർ തിരിച്ച് അഭിപ്രായം അറിയിക്കണമെന്നും ഗസ്റ്റ് ഹൗസ് യോഗത്തിൽ തീരുമാനമുണ്ടായിരുന്നു. എന്നാണ് തൊഴിലാളി യൂണിയനുകളെ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ അന്തിമമായ അഭിപ്രായം അറിയിച്ചത്? എല്ലാ തൊഴിലാളി സംഘടനകളെയും അറിയിച്ചോ? അറിയിച്ചെങ്കിൽ അവരോട് പറഞ്ഞ വിവരം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഒരു മാസത്തിനുള്ളിൽ ഈ രണ്ടു സ്ഥാപനത്തിലെയും ട്രേഡ് യൂണിയൻ നേതാക്കൻമാരെ പല പ്രാവശ്യം വിളിച്ച് ഞാൻ ചർച്ച നടത്തിയിട്ടുണ്ട്. അവർക്കൊക്കെ അറിയാം, അങ്ങേക്കും അറിയാം. അതുകൊണ്ട് ഈ നിയമസഭ കഴിഞ്ഞ ശേഷം നമുക്ക് അതിനെക്കുറിച്ച് സംസാരിക്കാം.

മി. സ്പീക്കർ: ഇന്ന് അസംബ്ലിയുടെ അവസാനത്തെ യോഗമായതു കൊണ്ട് മെമ്പർമാരുടെ ഇഷ്ടമനുസരിച്ച് സബ്മിഷൻസ് പരമാവധി അനുവദിച്ചിരിക്കയാണ്. ആകെ 55 സബ്മിഷൻസുണ്ട്. അത് റിക്കാർഡ് നമ്പരാണ്. അത് റിക്കാർഡ് സമയത്തിനുള്ളിൽ തീർക്കാൻ അംഗങ്ങളും മന്ത്രിമാരും സഹകരിക്കണം.

V. സബ്മിഷൻ

(1) താമ്പനൂരിൽ ഒരാൾ കൊലചെയ്യപ്പെട്ട സംഭവം

ശ്രീ. എം. വിജയകുമാർ: സർ, സീറോ അവറിൽ വളരെ ഗൗരവമുള്ള ഒരു പ്രശ്നം ഉന്നയിക്കുന്നതിന് ഞാൻ എഴുതിത്തന്നിരുന്നു. ഇവിടെ ദിനംപ്രതിയെന്നോണം കൊലപാതകങ്ങൾ നടക്കുകയാണ്. ഇന്നു വെളുപ്പിന് തമ്പാനൂരിലെ കെ. ടി. ഡി. സി.-യുടെ ചൈത്രം ഹോട്ടലിനു മുമ്പിൽ ഒരാൾ കൊലചെയ്യപ്പെട്ടിരിക്കുന്നു. ജഡം പോസ്റ്റിൽ തൂങ്ങിക്കിടക്കുകയാണ്. 15-ാം തീയതി കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ മൺവിളയിൽ ബാബു എന്ന ചെറുപ്പക്കാരനെ രാത്രി വീടുകയറി പൈശാചികമായി കൊലചെയ്തു. 16-ാം തീയതി ധനുവച്ചപുരത്ത് പ്രസാദ് എന്ന ചെറുപ്പക്കാരനെ ഒരു കവർച്ച സംഘം കൊലചെയ്തു. തമ്പാനൂർ നഗരത്തിലെ വളരെ തിരക്കേറിയ സ്ഥലമാണ്. അവിടെ രാത്രിയും പകലും ഒരുപോലെയാണ്. 24 മണിക്കൂറും അവിടെ പകലാണ്. അങ്ങനെയുള്ള സ്ഥലത്ത്, ആയിരക്കണക്കിന് ആളുകൾ എപ്പോഴും സഞ്ചരിക്കുന്ന തമ്പാനൂരിലെ ചൈത്രം ഹോട്ടലിനു മുമ്പിൽ ഒരാൾ കൊലചെയ്യപ്പെട്ടിരിക്കുന്നു. ഒരു സർക്കാരിന്റെ പ്രഥമവും പ്രധാനവുമായ ചുമതല മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നതാണ്. ഇവിടെ ജീവനും സ്വത്തിനും വല്ല വിലയുമുണ്ടോ? ഇതാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട എം. വിജയകുമാർ ഉന്നയിച്ച സംഭവം ഇന്നു രാവിലെ നടന്നതാണ്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാരെല്ലാം സംഭവ സ്ഥലത്തു പോയിട്ടുണ്ട്. അവർ ഈ കേസ് ഗൗരവമായിട്ടെടുത്തിട്ടുണ്ട്. ഊർജ്ജിതമായ അന്വേഷണം നടത്തി ഈ സംഭവത്തിന്റെ മുഴുവൻ സത്യാവസ്ഥയും പുറത്തുകൊണ്ടു വരുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly